(സി) അടുത്ത വർഷം എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് എത്ര പേപ്പറുകൾ ഉണ്ടായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) അപ്പോൾ 'സേ' പരീക്ഷ എഴുതുവാനുള്ള പേപ്പറുകളുടെ എണ്ണം കുറയ്ക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്. എസ്. എൽ, സി. പുതിയ സ്കീം (2005) പരീക്ഷയ്ക്ക് ഐ. റ്റി. ഉൾപ്പെടെ 13 പേപ്പറുകളാണുള്ളത്.

(ബി) ഇവയിൽ 2 വിഷയങ്ങളിലായി പരമാവധി 5 പേപ്പറുകൾവരെ ഗ്രേഡ് മെച്ചപ്പെടുത്തുന്നതിനായി 'സേ' പരീക്ഷ എഴുതാവുന്നതാണ്.

(സി) അടുത്ത വർഷവും എസ്. എസ്. എൽ. സി. പുതിയ സ്കീം പരീക്ഷയ്ക്ക് 13 പേപ്പറുകൾ ഉണ്ടായിരിക്കുന്നതാണ്.

(ഡി) 'സേ' പരീക്ഷ എഴുതുന്നതിനുള്ള പേപ്പറുകളുടെ എണ്ണത്തിൽ കുറവുവരുത്തുന്നതിന് തീരുമാനിച്ചിട്ടില്ല.

സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് യൂണിയനുമായി ചർച്ച നടത്താൻ നടപടി

31 [1542] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരള സയൻസ് ആൻറ് ടെക്നോളജി മ്യൂസിയത്തിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിനുമുമ്പ് ജീവനക്കാരുടെ യൂണിയനുമായി ചർച്ച നടത്തണമെന്നുള്ള വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെ മറികടന്ന് ഡ്രാഫ്റ്റ് റൂൾസ് സർക്കാരിൻറെ അംഗീകാരത്തിനായി സമർപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 9-12-2004-ൽ യൂണിയൻ പ്രതിനിധികളും ബഹുമാനപ്പെട്ട മന്ത്രിയുമായി ചർച്ച നടത്തിയതിന് വിപരീതമായി ഡ്രാഫ്റ്റ് റൂൾ സർക്കാർ അംഗീകാരത്തിനായി അയച്ച ഉദ്യോഗസ്ഥൻറെ പേരിൽ നടപടി കൈക്കൊള്ളുമോ;

(സി) സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് യൂണിയനുമായി ചർച്ച നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14-11-2003-ലാണ് സ്പെഷ്യൽ റൂൾ അംഗീകാരത്തിനായി മ്യൂസിയം ഡയറക്ടർ സർക്കാരിന് സമർപ്പിച്ചത്. സ്പെഷ്യൽ റൂൾസിൻറെ കരട് മ്യൂസിയം ഗവേണിംഗ് ബോഡി അംഗീകരിക്കുന്നതിനു മുമ്പുതന്നെ ജീവനക്കാരുടെ യൂണിയനുകളുമായി ചർച്ച നടത്തിയിരുന്നു.

(ബി) എ-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യം ഇപ്പോൾ പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly